പത്രക്കുറിപ്പ് 14.11.2023

## സംസ്ഥാന വ്യാപകമായി വിദ്യാർത്ഥികളുടെ ഹരിതസഭ സംഘടിപ്പിച്ചു

### മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ ചോദ്യങ്ങളുമായി വിദ്യാർത്ഥികൾ

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം പ്രചരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഹരിത സഭയിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം. പ്രചരണം രണ്ടാം ഘട്ടത്തിലേക്ക് കടക്കുന്നതിനിടെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രദേശത്തെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലോകനം ചെയ്യാനും അവ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ചോദിക്കാനും അവസരം ലഭിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ചപ്പോൾ നിരീക്ഷിച്ച അപാകതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് നിരവധി ചോദ്യങ്ങളാണ് ജനപ്രതിനിധികളോട് ചോദിക്കാനുണ്ടായിരുന്നത്. നഗരസഭ പരിധിയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള നൂറോളം വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം ഹരിതസഭയിൽ പങ്കെടുത്തു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള നൂതന ആശയങ്ങളും വിദ്യാർത്ഥികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചിരുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ വനശ്രീ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഹരിതസഭ വി.കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്ന മുതിർന്നവരെ തിരുത്താനുള്ള ഉത്തരവാദിത്തം കുട്ടികൾ ഏറ്റെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ കലാ-കായിക സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശരണ്യ എസ്.എസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഉത്തരവാദിത്ത മാലിന്യ സംസ്കരണ നയവുമായി ബന്ധപ്പെട്ട പ്രതിജ്ഞ കൗൺസിലർ രാഖി രവികുമാർ ചൊല്ലിക്കൊടുത്തു. ഹരിതകേരളം മിഷൻ സംസ്ഥാന കോ-ഓർഡിനേറ്റർ ടിഎൻ സീമ മുഖ്യപ്രഭാഷണം നടത്തി. നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഗായത്രി ബാബു സമർപ്പിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാജിദ നാസർ, ഹെൽത്ത് സൂപ്പർവൈസർ ബി. ബിജു തുടങ്ങിയവർ സംസാരിച്ചു.

നഗരസഭ സെക്രട്ടറി ബിനു ഫ്രാൻസിസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ശുചിത്വ മിഷന്റെയും ഹരിതകേരളം മിഷന്റെയും ജില്ലാ കോ-ഓർഡിനേറ്റർമാർ വിദ്യാർത്ഥികളുമായി സംവദിച്ചു. സമാപന ചടങ്ങിൽ കെഎസ്ഡബ്ല്യൂഎംപി മാനേജിങ് ഡയറക്ടർ ദിവ്യാ എസ് അയ്യർ പങ്കെടുത്തു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഏഴ് വിഷയങ്ങളിൽ നടന്ന ചർച്ചകൾക്ക് ശേഷമുള്ള നിരീക്ഷണങ്ങൾ വിദ്യാർത്ഥികൾ നഗരസഭാ അധികൃതരുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.